കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർജില്ല - മയ്യിൽ ഗ്രാമപഞ്ചായത്ത് - അപ്പാരൽ പാർക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെ ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം.1283/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:29.4.2015.

പരാമർശം :

1. മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 23.01.2015-ലെ 9/15 നമ്പർ തീരുമാനം.
2. മയ്യിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.1.2015-ലെ ബി1-2300/14 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെട്ട വ്യവസായ എസ്റ്റേറ്റിലെ മയ്യിൽ വില്ലേജ് റീസർവ്വെ 43/2-ൽപ്പെട്ട 0.1942 ഹെക്ടർ ഭൂമിയിൽ നിന്നും വടക്ക് കിഴക്കേ ഭാഗത്തുള്ള 10 സെന്റ് സ്ഥലം മയ്യിൽ അപ്പാരൽ പാർക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് ഉടമസ്ഥാവകാശമുൾപ്പടെ ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന് ടി ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച 10 സെന്റ് സ്ഥലം മയ്യിൽ അപ്പാരൽ പാർക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉൾപ്പടെ കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

കെ.കെ. രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (LBA&A), കേരളം, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ.
നിയമവകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ